കോർപ്പറേഷന്റെ കണ്ണായ സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള വ്യാപാര സമുച്ചയങ്ങൾ നിർമ്മിച്ച് കോർപ്പറെഷനെ സ്വന്തം കാലിൽ നിർത്തുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. നിലവിലുള്ള ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ എടുക്കുന്നതാണ്. പ്രധാനപ്പെട്ട നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ഠൗൺ ടു ഠൗൺ സർവ്വീസുകളും ചെയിൻ സർവ്വീസുകളും ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ഓൺലൈൻ റിസർവ്വേഷൻ സൗകര്യം കൂടുതൽ ബസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നതുവഴി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. സീസൺ ടിക്കറ്റ് സമ്പ്രദായം വിപുലീകരിക്കുന്നതുവഴി കൂടുതൽ സ്ഥിരം യാത്രക്കാരെ കെ.എസ്.ആർ.ടി.സി ബസുകളിലേക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. ബി.ഒ.റ്റി. അടിസ്ഥാനത്തിലും റെന്റ് ഡെപ്പോസിറ്റ് സ്കീമിലും, കെ.എസ്.ആർ.ടി.സി.യുടെ പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്.

2008-09 വരെയുള്ള വാർഷിക കണക്ക് മാത്രമേ പൂർത്തിയായിട്ടുള്ളു. 2005-06-ലെ സഞ്ചിത നഷ്ടം 1618.10 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹന നികുതി, പലിശ, പിഴപ്പലിശ, എന്നീ ഇനങ്ങളിൽ 31-3-2008 വരെ നൽകേണ്ടതായ തുക എഴുതിത്തള്ളിയതു കാരണം 31-3-2009-ൽ സഞ്ചിത നഷ്ടം 1483.31 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) മിഡിൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 % നേരിട്ടും 15% മെച്ചപ്പെട്ട യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും ഉദ്യോഗാർത്ഥികളെ പി.എസ്.സി.-വഴി തെരഞ്ഞെടുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

158 (755) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാ ആസ്ഥാനത്തെ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) കെ. എസ്. ആർ. ടി. സി ഡിപ്പോ നവീകരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ വയബിലിറ്റി സ്റ്റഡി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കെ. റ്റി. ഡി. സി. ബി. ഒ. റ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി ആരംഭിക്കാനുള്ള കാലതാമസം വ്യക്തമാക്കുമോ ; ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം കെ.റ്റി.ഡി.എഫ്.സി. സമർപ്പിച്ച എസ്റ്റിമേറ്റ് (2009 എസ്.ഒ.ആർ. പ്രകാരം) പരിശോധിക്കുന്നതിലേക്ക് ചീഫ് എഞ്ചിനീയർ-ബി.ഒ.റ്റി. - കെ.എസ്.ആർ.ടി.സി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി-യുടെ 2010-ലെ ഷെഡ്യൂൾ റേറ്റിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചത് പ്രകാരം എസ്റ്റിമേറ്റ് തുക 3024.61 ലക്ഷം രൂപയാണ്. ആയത് കമ്മിറ്റി പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം കെ.റ്റി.ഡി.എഫ്.സി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിക്കുന്നതിലേക്ക് ചീഫ് എഞ്ചിനീയർ-ബി.ഒ.റ്റി-കെ.എസ്.ആർ.ടി.സി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി. ഡബ്ല്യു.ഡി.യുടെ 2010-ലെ ഷെഡ്യൂൾ റേറ്റിൽ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചത് പ്രകാരം എസ്റ്റിമേറ്റ് തുക 3024.61 ലക്ഷം രൂപയാണ്. ആയത് കമ്മിറ്റി പരിശോധിച്ചു-വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം

159 (756) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണം പൂർത്തിയായ കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കോംപ്ലക്സിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണ ചെലവ് എത്ര ; ആയത് എങ്ങനെയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രതിമാസം എത്ര രൂപ വരുമാനം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011 ജനുവരി മാസത്തിൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly